പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3167 — 23/03/2015 ൽ മറുപടിക്ക്

## എടവണ്ണ ഹാച്ചറിയുടെ നിർമ്മാണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി.കെ.ബഷീർ: | ശ്രീ. കെ.പി.മോഹനൻ<br>കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി |
| എ) ഏറനാട് മണ്ഡലത്തിൽ ഒരു ഹാച്ചറി നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | എ) 2014-15 സാമ്പത്തിക വർഷത്തിൽ ഏറനാട് മണ്ഡലത്തിൽ ഒരു ഹാച്ചറി നിർമ്മാണത്തിന് ആർ.കെ.വി.വൈ പദ്ധതി പ്രകാരം 300 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| ബി) ഹാച്ചറിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ തടസ്സമുണ്ടോയെന്ന് വ്യക്തമാക്കുമോ; | ബി) ആരംഭിച്ചിട്ടില്ല. ഭരണാനുമതി ഉപാധികൾക്ക് വിധേയമായതിനാലും ജീവനക്കാരുടെ നിയമന അനുമതി ലഭിച്ചതിനുശേഷം മാത്രമേ ഫണ്ട് ലഭ്യമാകു എന്നതിനാലുമാണ് ഹാച്ചറിയുടെ പ്രവർത്തനം ആരംഭിക്കാത്തത്. |
| സി) ഇല്ലെങ്കിൽ ഹാച്ചറിയുടെ കാര്യങ്ങൾക്ക് ഒരു നോഡൽ ഓഫീസറെ ചുമതലപ്പെടുത്തി തുടർനടപടികൾ വേഗത്തിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | സി) മലപ്പുറം ജില്ലാ മൃഗസംരക്ഷണ ഓഫീസിലെ ഡെപ്യൂട്ടി ഡയറക്ടറെ നോഡൽ ഓഫീസറായി നിയമിച്ചുകൊണ്ട് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. ആർ.കെ.വി.വൈ പദ്ധതി പ്രകാരം ഭരണാനുമതി നൽകിയ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം ജീവനക്കാരെ നിയമിച്ചാൽ മാത്രമേ ഹാച്ചറി നിർമ്മാണത്തിനും മറ്റു പ്രവർത്തനങ്ങൾക്കും തുക ലഭ്യമാകുകയുള്ളു. |

സെക്ഷൻ ഓഫീസർ